കടലാക്രമണം.

* 239. [35] ശ്രീ. പാറയിൽ ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലാക്രമണം തടയാൻ എന്തെങ്കിലും പുതിയ പദ്ധതി ഗവണ്മെൻറിന്റെ പരിഗണനയിൽ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്താണ് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

(എ) ഉണ്ട്.

(ബി) കടലാക്രമണ ബാധിത പ്രദേശങ്ങളിൽ മണൽ ധാരാളമായും കുറഞ്ഞ ചെലവിലും ലഭിക്കുന്നതിനും സൗകര്യമുള്ള സ്ഥലങ്ങളിൽ കടൽതീരം മണലിട്ടു നിറയ്ക്കണമെന്നുള്ള അമേരിക്കൻ വിദഗ്ദ്ധൻ മി. വാട്സിന്റെ നിർദ്ദേശമനുസരിച്ച് പ്രസ്തുത പദ്ധതി മേൽപ്പറഞ്ഞ സൗകര്യങ്ങളെല്ലാമുള്ള പുറക്കാട്ട് ഒരു മൈൽ ഒരു ഫർലാംഗ് കടൽതീരത്തു പരീക്ഷണാർത്ഥം പ്രവർത്തിച്ചുനോക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഇപ്പോഴും നിർമ്മിച്ചു വരുന്ന കടൽ ഭിത്തിയുടെ ഡിസൈനിൽ പകരം പുതിയ ഡിസൈൻ സ്വീകരിക്കണമെന്നുള്ള മറ്റൊരു നിർദ്ദേശം പരീക്ഷിച്ചുനോക്കുവാനും ഉദ്ദേശിക്കുന്നു.

ഗ്രാമൈവദ്യുതീകരണം.

* 240. [36] ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവികസിത പ്രദേശങ്ങളിൽ ഗ്രാമവൈദ്യുതീകരണത്തിനും മിനിമംഗാരണ്ടി വ്യവസ്ഥ അത്യന്താപേക്ഷിതമാണോ;

(ബി) സാമ്പത്തികമായി താണ നിലവാരത്തിൽ ഉള്ള ആളുകൾ താമസിക്കുന്ന സ്ഥലങ്ങളിൽ മിനിമം ഗാരണ്ടിവ്യവസ്ഥ അയവുവരുത്തുമോ;

(സി) മാടപ്പള്ളി വില്ലേജിൽ കുമ്പനേടം കുരയിൽ മിനിമം ഗാരണ്ടിയിൽനിന്നും ഒഴിവാക്കി ഒരു ഗാർഹിക ഇലക്ട്രിഫിക്കേഷൻ സെൻറർ സ്ഥാപിക്കണമെന്നു കാണിച്ചു നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) ആദായകരമല്ലാത്ത എല്ലാ വൈദ്യുതീകരണ ജോലികൾക്കും മിനിമം ഗ്യാരണ്ടിവ്യവസ്ഥ നിർബന്ധമാണ്.

(ബി) ഓരോ കൊല്ലവും ഗ്രാമൈവദ്യുതീകരണത്തിനായി നീക്കിവച്ചിട്ടുള്ള തുകയുടെ 20 ശതമാനം അവികസിതവും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ പ്രദേശങ്ങളിൽ വൈദ്യുതീകരണജോലികൾ നടത്തുന്നതിനായി ചെലവാക്കുന്നുണ്ട്. ഓരോ ഡിസ്ട്രിക്റ്റിലും ഗവണ്മെൻറ് തിരഞ്ഞെടുക്കുന്ന പ്രസ്തുത കേന്ദ്രങ്ങളുടെ വൈദ്യുതീകരണത്തിനും മിനിമം ഗ്യാരണ്ടി നൽകേണ്ടതില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കാഞ്ഞിരപ്പുഴ പദ്ധതി.

* 241. [37] ശ്രീ. പി. ബാലചന്ദ്രമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞിരപ്പുഴ പദ്ധതിയുടെ പ്രവർത്തനം താൽക്കാലികമായി നിറുത്തിവച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly